പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.327 — 04.06.2018 ൽ മറുപടിക്ക്

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കമ്യൂണിറ്റി ഹെൽത്ത് സെന്റർ

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഒരു കമ്യൂണിറ്റി ഹെൽത്ത് സെന്റർ ഇല്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ സി.എച്ച്.സി നിലവിലില്ല. സി.എച്ച്.സി കൾ ഇല്ലാത്ത ബ്ലോക്കുകളിൽ ഒരു പി.എച്ച്.സി.യെ പദവി ഉയർത്തി ബ്ലോക്ക്തല സി.എച്ച്.സി ആക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എടവനക്കാട് പി.എച്ച്.സി.യുടെ 5 ½ കി.മീ ചുറ്റളവിൽ ഞാറക്കൽ താലൂക്കാശുപത്രിയും, 3 കി.മീ. ചുറ്റളവിൽ അയ്യമ്പള്ളി പി.എച്ച്.സി.യും 10 കി.മീ.നുള്ളിൽ മുനമ്പം പി.എച്ച്.സി.യും സ്ഥിതി ചെയ്യുന്നു.<br><br>72 സെന്റ് സ്ഥലമുള്ളതിൽ എടവനക്കാട് പി.എച്ച്.സി 52 സെന്റ് സ്ഥലത്തും ബാക്കി 20 സെന്റ് സ്ഥലത്ത് ഓൾഡ് ഏജ് ഹോമും പ്രവർത്തിക്കുന്നു. ദിവസേന ഏകദേശം 100 രോഗികൾ മാത്രം ചികിത്സ തേടി എത്തുന്ന എടവനക്കാട് പി.എച്ച്.സി.യിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ദൈനംദിന ചികിത്സയും ലഭ്യമാക്കുന്നുണ്ട്.<br><br>സ്ഥാപനങ്ങളുടെ പദവി ഉയർത്തുക, പുതിയ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിലുപരി ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയൽ പുരോഗമിച്ചു വരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ